ളിൽ വിദ്ഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം, ചികിത്സാസാമഗ്രികൾ ലഭ്യമാക്കൽ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രി തലത്തിലും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

126 (126) കാൻസർ ചികിത്സാ രീതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗത്തിന് ആയുർവേദ ചികിത്സാ രീതി ഫലപ്രദമാണെന്ന് സർക്കാരിന് വിദഗ്ദ്ധോപദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) 'കീമോ തെറാപ്പി' എന്ന അലോപ്പതി ചികിത്സാ പദ്ധതി മിക്കവാറും മാരകമായ ഫലങ്ങളാണ് ഉണ്ടാക്കുന്നത് എന്ന പരാതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ 'കീമോ തെറാപ്പി' വാർഡിൽ ഡോക്ടർമാരുടെ മേൽനോട്ടത്തിലല്ല ഔഷധങ്ങൾ നൽകുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാൻസർ രോഗത്തിന് ആയുർവേദ ചികിത്സാ രീതി ഫലപ്രദമാണോ എന്നതു സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഡെറാഡൂണിലെ ഡോ. രാം പ്രകാശ് ഒമെമ്മോറിയൽ ആശുപത്രിയിൽ നിന്നും ഈയിടെ കേരളം സന്ദർശിച്ച ഡോ. ബാലേന്ദുപ്രകാശ് ആയുർവേദ ഔഷധങ്ങൾ കാൻസർ ചികിത്സക്ക് ഫലപ്രദമാണെന്ന് അവകാശപ്പെടുകയും ആർ.സി.സി.യുമായി സഹകരിച്ച് ഈ വിഷയത്തിൽ കൂടുതൽ പഠനം നടത്താൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 'കീമോ തെറാപ്പി' എന്ന ചികിത്സാ രീതി അന്തർദേശീയ തലത്തിൽ ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ളതും കാൻസർ ചികിത്സയിൽ അത്യന്താപേക്ഷിതമായിട്ടുള്ളതുമാണ്. ഇതിന് പാർശ്വഫലങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ഈ പാർശ്വഫലങ്ങൾ മാറ്റുന്നതിന് തക്കതായ പ്രതിവിധികളും നൽകി വരുന്നുണ്ട്.

(ഡി) ഇങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല. റീജണൽ കാൻസർ സെന്ററിൽ രോഗികൾക്ക് 'കീമോ തെറാപ്പി' ചികിൽസ നൽകുന്നത് പൂർണ്ണമായും ഡോക്ടർമാരുടെ മേൽനോട്ടത്തിൽ തന്നെയാണ്.

127 (127) ലോകബാങ്ക് പദ്ധതി

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ലോകബാങ്ക് പദ്ധതി സഹായം 31.12.98 ന് അവസാനിക്കുന്നതിനാൽ യന്ത്ര സാമഗ്രികൾക്കുള്ള ചെലവുകൾ 31.12.98-ന് മുൻപായി കേന്ദ്രവിഹിതയിനത്തിൽ നിന്നും നേടിയെ

LIBRARY ARCHIVES Kerala Legislative Assembly